പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3669 — 17.10.2011-ൽ മറുപടിക്ക്

## കയർ കയറ്റുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) 2010-11 സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ കയറുല്പന്നങ്ങൾ കയറ്റി അയച്ചു എന്ന് വ്യക്തമാക്കാമോ; | (എ) കേന്ദ്രസർക്കാർ സ്ഥാപനമായ കയർ ബോർഡിന്റെ കണക്ക് പ്രകാരം 2010-11 സാമ്പത്തിക വർഷം ഇന്ത്യയിൽ നിന്നും 807.07 കോടി രൂപയുടെ കയറും കയറുല്പന്നങ്ങളും കയറ്റുമതി ചെയ്തിട്ടുണ്ട്. |
| (ബി) കയറുല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന വേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) കയറ്റുമതി വർദ്ധിപ്പിക്കുന്നതിനു വേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• കയറിന്റേയും കയറുല്പന്നങ്ങളുടേയും അന്താരാഷ്ട്ര എക്സിബിഷൻ കയർ കേരള - 2012 - ഫെബ്രുവരി 2012 ൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>• കയറിന്റേയും കയറുല്പന്നങ്ങളുടേയും വിപണനത്തിനായി പൊതു സംവിധാനം- കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>• ഇന്ത്യയിലെ പ്രധാന നഗരങ്ങളിൽ ബയർ സെല്ലർ മീറ്റ് |

| | |
|---|---|
| | സംഘടിപ്പി ക്കുന്നതിന് നടപടികൾ സ്വീകരിച്ചു വ രുന്നു. കൊൽക്കത്തയിൽ ബയർ സെല്ലർ മീറ്റ് സംഘടിപ്പിച്ചു.<br>• കയർ വ കുപ്പിന്റെ ആഭിമുഖ്യത്തിൽ വിദേശത്ത് നട ക്കുന്ന പ്രധാനപ്പെട്ട ഫെയറുകളിൽ കയർ മേഖലയിലെ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് കൂടുതൽ വിദേശ ഓർഡറുകൾ ലഭ്യമാ ക്കാൻ നടപടികൾ സ്വീകരിച്ചിട്ടു ണ്ട് |
| (സി) കയറ്റുമതി ചെയ്യാനാകാതെ കയറുല്പന്നങ്ങൾ കെട്ടിക്കിടക്കു ന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (സി) കയറുല്പന്നങ്ങൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി)കയർ വ്യവസായം ലാഭത്തിലാണോ പ്രവർത്തി ക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ഡി)കയർമേഖലയിലെ സഹകരണ സംഘങ്ങളെ സംബന്ധിച്ച കണ ക്കുകളാണ് പ്രധാനമായും കയർ വ കുപ്പിൽ ലഭ്യമായിട്ടുള്ളത്. കയർ സംഘങ്ങളുടെ സ്ഥിതി വിവര കണക്ക് അ നുസരിച്ച് ഏറിയ പങ്ക് സംഘങ്ങളും നഷ്ടത്തിലാണ് പ്രവർത്തി ക്കുന്നത്. |
| (ഇ) എങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം ; എത്ര കോടി രൂപയുടെ ലാഭം നേടാനായി എന്ന് വ്യക്തമാക്കാമോ ? | (ഇ)ബാധകമല്ല |

സെക്ഷൻ ഓഫീസർ